# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.368

## 08-08-2017 ൽ മറുപടിക്ക്

**മാന്ദ്യവിരുദ്ധ പാക്കേജ്**

| ചോദ്യം<br>ശ്രീ. കെ.സി. ജോസഫ്<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.അനിൽ അക്കര<br>ശ്രീ.പി.ടി. തോമസ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| (എ) 2016-17 ലെ ബജറ്റിൽ പ്രഖ്യാപിച്ച രണ്ടാമത് മാന്ദ്യവിരുദ്ധ പാക്കേജിന്റെ 20,000 കോടി രൂപയുടെ പദ്ധതിയിൽ ഇതിനോടകം എത്രകോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയെന്നും അവ ഏതെല്ലാമാണെന്നും വെളിപ്പെടുത്തുമോ ; | 2016-17 ലെ ബജറ്റിൽ പ്രഖ്യാപിച്ച രണ്ടാമത് മാന്ദ്യവിരുദ്ധ പാക്കേജിന്റെ 20,000 കോടി രൂപയുടെ പദ്ധതിയിൽ ഇതിനോടകം 5451.81 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ് ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്. 6925.97 കോടി രൂപയുടെ പദ്ധതികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായ അനുമതിയും നൽകിയിട്ടുണ്ട്. പദ്ധതികളുടെ പട്ടിക അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |
| (ബി) ഇതിൽ എത്ര പദ്ധതികൾക്ക് ടെൻഡർ വിളിച്ചെന്നും എത്ര പദ്ധതികൾ പ്രവർത്തനം ആരംഭിച്ചുവെന്നും വെളിപ്പെടുത്തുമോ; | പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്. |
| (സി) 2016-17 സാമ്പത്തികവർഷത്തിൽ പ്രസ്തുത മാന്ദ്യവിരുദ്ധ പാക്കേജിൽ എത്ര തുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | കിഫ് ബോർഡ് യോഗം അംഗീകരിച്ച പദ്ധതികൾക്ക് ധനസഹായം അനുവദിക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസികൾ (SPV) പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിശദ വിവരങ്ങൾ ഓൺ ലൈനായി കിഫ്ബിക്ക് സമർപ്പിക്കേണ്ടതുണ്ട്. ഈ |

| | |
|---|---|
| | സംവിധാനമനുസരിച്ച് പ്രോജക്ട് നിർവ്വഹണ ചെലവുകൾ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഘട്ടങ്ങളിൽ നേരിട്ട് സപ്ലയർ, കോൺട്രാക്ടർ, സേവന ദാതാവ് മുതലായവരുടെ നിശ്ചിത ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കാനുള്ള ഡയറക്ട് പേയ്മെന്റ് സംവിധാനം കിഫ്ബിയിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ഈ നൂതന സംവിധാനമനുസരിച്ചുള്ള തുടർ നടപടിക്രമങ്ങൾ പദ്ധതി നിർവ്വഹണ ഏജൻസികൾ പൂർത്തിയാക്കി, പ്രവൃത്തികൾ ആരംഭിച്ച് ബില്ലുകൾക്കനുസൃതമായ പേയ്മെന്റ് ഇൻവോയിസുകൾ കിഫ്ബിക്ക് ലഭിക്കുന്ന മുറയ്ക്ക് ഫണ്ട് റിലീസ് ആരംഭിക്കുന്നതാണ്. ഇതുവരെ പേയ്മെന്റ് ഇൻവോയിസുകൾ കിഫ്ബിക്ക് ലഭിച്ചു തുടങ്ങിയിട്ടില്ല. കിഫ്ബി പദ്ധതികൾ വളരെ വിപുലമായ പദ്ധതികളാകയാൽ ആവശ്യമായ അനുമതികൾ ലഭിച്ചതിനു ശേഷം അവയുടെ നിർവ്വഹണ സംവിധാനം ഏർപ്പെടുത്തി പ്രവൃത്തികൾ ആരംഭിക്കുവാൻ ചുരുങ്ങിയത് 6 – 7 മാസം വരെ സമയം ആവശ്യമാണ്. ഇക്കാരണത്താലാണ് ഫണ്ട് റിലീസ് ആരംഭിച്ചിട്ടില്ലാത്തത്. എന്നാൽ പ്രവൃത്തികൾ ആരംഭിച്ചു കഴിഞ്ഞാൽ സമയ ബന്ധിതമായി നിർവ്വഹണം സാദ്ധ്യമാകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**